**23/02/2018 -ൽ രാവിലെ 9.15 ന് തിരുവനന്തപുരം തൈക്കാടുള്ള സർക്കാർ ഗസ്റ്റ് ഹൗസ്, ബാങ്കറ്റ് ഹാളിൽ വച്ച് നടന്ന നഗരസഭാ സെക്രട്ടറിമാരുടെ 2018 ജനുവരി മാസം വരെയുള്ള മാസാന്ത്യ പ്രവർത്തന പുരോഗതി അവലോകന യോഗ നടപടികുറിപ്പുകൾ.**

ഹാജർ അനുബന്ധം **I & II** ആയി ചേർത്തിരിക്കുന്നു.

കേരളത്തിലെ നഗരസഭകളുടെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങൾ വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് 2018 ജനുവരി മാസം വരെയുള്ള അവലോകനയോഗം 23/02/2018 ന് നഗരകാര്യ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ തൈക്കാടുള്ള സർക്കാർ ഗസ്റ്റ് ഹൗസിൽ **ബാങ്കറ്റ് ഹാളിൽ** വച്ച് രാവിലെ 9.15 മണി മുതൽ യോഗം ചേർന്നു.

നഗരകാര്യ ഡയറക്ടർ ശ്രീമതി. ഹരിത വി കുമാർ ഐ എ എസ് ക്ഷണിക്കപ്പെട്ട മറ്റു വകുപ്പുകളെ പ്രതിനിധീകരിച്ചെത്തിയ ഉദ്യോഗസ്ഥരേയും, നഗരസഭാ സെക്രട്ടറിമാരെയും നഗരസഭാ സെക്രട്ടറിമാരെ പ്രതിനിധീകരിച്ച് പങ്കെടുത്തവരെയും അവലോകന യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

**പദ്ധതി അവലോകനം**

**മട്ടന്നൂർ**

മട്ടന്നൂർ നഗരസഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതിയിൽ പിന്നിലായിരുന്നു. നിലവിൽ പദ്ധതി ചെലവുകളിൽ ഏറ്റവും പിന്നിലുള്ള നഗരസഭയാണ് മട്ടന്നൂർ. പദ്ധതികളെല്ലാം പുരോഗമിച്ചുവരികയാണെന്നും 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ പബ്ലിക് വർക്ക് ആണെന്നും ആയത് പൂർത്തിയാകുമ്പോൾ പദ്ധതി ചെലവ് വർദ്ധിക്കുന്നതാണെന്നും 31/03/2018 ൽ 70 ശതമാനത്തിലെത്തുമെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

**കാസറഗോഡ്**

എഞ്ചിനീയറിംഗ് പദ്ധതികളുടെ ഒരുകോടി രൂപയുടെ ബില്ല് പെൻഡിംഗുണ്ടെന്നും ഡിഡിഒ കോഡ് ലഭിക്കാൻ വൈകിയതുമൂലം പദ്ധതിചെലവ് പിന്നിലാകുവാൻ കാരണമായെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ നഗരസഭാ സെക്രട്ടറിയുടെ 55 ലക്ഷം രൂപയുടെ പദ്ധതികളിൽ 23 ലക്ഷം രൂപ ചെലവഴിച്ചതായും ഹെൽത്ത് സൂപ്പർവൈസറുടെ ചെലവ് ശതമാനം പൂജ്യമാണെന്നും അറിയിച്ചു.

**ശ്രീകണ്ഠാപുരം**

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അടിക്കടിയുള്ള സ്ഥലംമാറ്റം പദ്ധതി ചെലവുകളെ സാരമായി ബാധിച്ചതായും ഈ സാമ്പത്തിക വർഷം തന്നെ 2 പേർക്ക് സ്ഥലംമാറ്റം

നൽകിയിട്ടുള്ളതായും സെക്രട്ടറിയുടെ പദ്ധതി ചെലവ് 7 ശതമാനമാണെന്നും എസ് സി പി പ്രോജക്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭാ സെക്രട്ടറി തന്നെയാണെന്നും അറിയിച്ചു. 31/03/2018 ൽ 70 – 75 ശതമാനം പദ്ധതി പുരോഗതി കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ അറിയിച്ചു.

പദ്ധതി ചെലവ് പൂജ്യമായതും 10 ശതമാനത്തിൽ കുറവായതുമായ ഇതര വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ വിവരങ്ങൾ യോഗസ്ഥലത്തു തന്നെ എഴുതി നൽകുവാൻ നഗരകാര്യ ഡയറക്ടർ നഗരസഭാ സെക്രട്ടറിമാരോട് ആവശ്യപ്പെട്ടു.

പദ്ധതി നിർവ്വഹണത്തിൽ മുന്നിൽ നിൽക്കുന്ന നഗരസഭകളോട് 100 ശതമാനം പദ്ധതി വിഹിതം ചെലവഴിക്കപ്പെടുവാൻ ആവശ്യപ്പെടുകയും പ്രസ്തുത ലക്ഷ്യത്തിലേക്കെത്തുന്നതിന് തടസ്സങ്ങളെന്തെങ്കിലും ഉണ്ടോയെന്ന് ആരായുകയും ചെയ്തു. പദ്ധതി ചെലവ് ഏറ്റവും കുറവായ നഗരസഭകൾക്ക് 31/03/2018 ന് ചെലവഴിക്കാൻ കഴിയുന്ന ശതമാനം സംബന്ധിച്ചും ചർച്ച ചെയ്തു.

മുനിസിപ്പൽ കോർപ്പറേഷനുകളാണ് നഗരഭരണ സ്ഥാപനങ്ങളിൽ പദ്ധതി ചെലവിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത്. 2017–18 സാമ്പത്തിക വർഷത്തിൽ 31/03/2018 ൽ കോർപ്പറേഷനുകൾക്ക് ചെലവഴിക്കാൻ എത്ര ശതമാനം ചെലവഴിക്കാൻ സാധിക്കും എന്നത് കോർപ്പറേഷൻ സെക്രട്ടറിമാരിൽ നിന്നും ആരാഞ്ഞു.

| | | |
|---|---|---|
| കൊല്ലം | – | 80–85% |
| കണ്ണൂർ | – | 80% |
| തൃശ്ശൂർ | – | 75–80% |
| കൊച്ചി | – | 75% |
| തിരുവനന്തപുരം | – | 75% |
| കോഴിക്കോട് | – | 70–75% |

2018–19 വാർഷിക പദ്ധതിയുടെ പ്രാരംഭ നടപടികൾ എല്ലാ നഗരസഭയിലും ആരംഭിച്ചിട്ടുണ്ട്. 2018–19 വാർഷിക പദ്ധതി പ്രവർത്തനം ആസൂത്രണ സമിതി യോഗം ചേരൽ എന്നിവ ആരംഭിക്കാത്ത നഗരസഭകളോട് എത്രയും വേഗം നടപടിയെടുക്കാൻ നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടു.

**ലൈഫ്**

ലൈഫ് മിഷന്റെ ആദ്യഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ പുരോഗതി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ അവലോകനം ചെയ്തു. മാർച്ച് മാസം ഒന്നാം തീയതി മുതൽ ബഹു. മുഖ്യമന്ത്രി ലൈഫ് പുരോഗതി നേരിട്ട് അവലോകനം ചെയ്യുന്നതാണെന്നും ആയതിനാൽ പ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്നും എക്സിക്യൂട്ടീവ് ഓഫീസർ (ലൈഫ്) അറിയിച്ചു.

സ്പിൽ ഓവർ വീടുകൾ പൂർത്തീകരിക്കുന്നതിൽ നഗരസഭകളാണ് ഏറ്റവും പിന്നിൽ നിൽക്കുന്നതെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. മിക്ക നഗരസഭകളും MIS data യിലുള്ളതിലും കൂടുതൽ പൂർത്തിയാക്കിയിട്ടുള്ളതായി നഗരസഭാ സെക്രട്ടറിമാർ അറിയിച്ചു. MIS data പ്രകാരമാണ് ഉന്നതതല അവലോകനം നടത്തുന്നതെന്നും ആയതിനാൽ എത്രയും വേഗം MIS അപ്ഡേഷൻ നടത്തണമെന്നും ലൈഫ് സി ഇ ഒ അറിയിച്ചു.

തിരുവനന്തപുരം , തൃശ്ശൂർ കോർപ്പറേഷനുകൾ ഗുണഭോക്താക്കൾക്ക് ഒന്നാമത്തെ ഇൻസ്റ്റാൾമെന്റ് നൽകിയിട്ടില്ല എന്നും എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും കൊല്ലം കോർപ്പറേഷൻ ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭിക്കാൻ സാദ്ധ്യതയില്ലെന്നും അറിയിച്ചു. കോഴിക്കോട്, കണ്ണൂർ, കോർപ്പറേഷനുകൾ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നതായി അറിയിച്ചു. വർക്കല നഗരസഭ ധനസഹായം നൽകിയതും പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ളതുമായ 50 പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലായെന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് ധനസഹായം നൽകാവുന്നതാണ്. പുനലൂർ നഗരസഭയ്ക്ക് 2.79 കോടി രൂപ ആവശ്യമാണെന്ന് സെക്രട്ടറി അറിയിച്ചു. ആയത് പരിഗണിക്കുന്നുണ്ടെന്ന് സി ഇ ഒ പറഞ്ഞു. മാനന്തവാടി, സുൽത്താൻബത്തേരി എന്നീ നഗരസഭകൾക്കും ഫണ്ട് ആവശ്യമാണെന്ന് അറിയിച്ചു. ലൈഫിനായി ഫണ്ട് വയ്ക്കാതിരുന്ന കൊല്ലം കോർപ്പറേഷൻ, തൃപ്പൂണിത്തുറ, ശ്രീകണ്ഠാപുരം നഗരസഭകൾ പ്രോജക്ട് റിവിഷൻ നടത്തി ഫണ്ട് വകയിരുത്തിയതായി ബന്ധപ്പെട്ട സെക്രട്ടറിമാർ അറിയിച്ചു.

ഭവനങ്ങളുടെ പൂർത്തീകരണത്തിൽ പിന്നിൽ നിൽക്കുന്ന മിക്ക നഗരസഭകളും പ്രോജക്ട് റിവിഷനിൽ ഫണ്ട് കണ്ടെത്തി ഡി പി സി യുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഏറ്റവും പിന്നിലുള്ള ആലപ്പുഴ നഗരസഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും 2 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

ലൈഫിന്റെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കാത്ത നഗരസഭകളെ പ്രത്യേകമായി അവലോകനം നടത്തി.

| | | |
|---|---|---|
| ആറ്റിങ്ങൽ | – | അടുത്ത കൗൺസിലിൽ അംഗീകരിക്കും |
| നെടുമങ്ങാട് | – | അംഗീകരിച്ചു |
| നെയ്യാറ്റിൻകര | – | വാർഡ്സഭ വൈകിയിരുന്നു. അടുത്ത കൗൺസിലിൽ അംഗീകരിക്കും |
| പരവൂർ | – | അംഗീകരിച്ചു |
| ആലപ്പുഴ | – | ചെയർമാന്റെ വാർഡിൽ വാർഡുസഭ പെൻഡിംഗ് ആണ്. |

വടക്കാഞ്ചേരി – കൗൺസിൽ അംഗീകരിച്ചു. സ്കോർഷീറ്റ് അടുത്ത് ആഴ്ച പൂർത്തിയാകുന്നതാണ് (സ്കോർ ഷീറ്റ് പൂർത്തിയാക്കിയിട്ടാണ് കൗൺസിൽ അംഗീകരിക്കേണ്ടതെന്ന് ലൈഫ് സി ഇ ഒ പറഞ്ഞു).

ഒറ്റപ്പാലം – അംഗീകരിച്ചു

താനൂർ – തീരപ്രദേശത്തെ വാർഡ്സഭ കഴിഞ്ഞിട്ടില്ല.

കൊല്ലം കോർപ്പറേഷൻ – അടുത്ത കൗൺസിൽ അംഗീകരിക്കും

കോഴിക്കോട് കോർപ്പറേഷൻ – അടുത്ത കൗൺസിലിൽ അംഗീകരിക്കും.

സ്കോർഷീറ്റ് എത്രയും വേഗം പൂർത്തിയാക്കി ഗുണഭോക്തൃ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ച് MIS ൽ അപ്ഡേറ്റ് ചെയ്യുവാൻ ലൈഫ് സി ഇ ഒ ആവശ്യപ്പെട്ടു.

## ആരോഗ്യ ജാഗ്രത

**ആരോഗ്യ വകുപ്പ് ഡയറക്ടർ (ഡോ. സരിത ആർ എൽ)**

2017 ൽ പകർച്ച വ്യാധികൾ ഏറ്റവും കൂടുതൽ വ്യാപിച്ചത് നഗരപ്രദേശങ്ങളിലാണെന്നും ആയത് തടയുന്നതിനു വേണ്ടി നഗരകാര്യ വകുപ്പും നഗരസഭകളും ആരോഗ്യ വകുപ്പിന് നൽകിയ സഹകരണത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ആദ്യമായി നന്ദി രേഖപ്പെടുത്തി. 2017 ലെ സ്ഥിതി ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതലെന്ന നിലയിൽ 2018 ൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ആരോഗ്യ ജാഗ്രതാ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെന്നും ടി പദ്ധതി വിജയകരമാക്കുന്നതിന് എല്ലാ നഗരസഭകളും കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

ജലത്തിൽ കൂടിയും വായുവിൽ കൂടിയും വെക്ടറുകൾ മുഖേനയും പകർച്ച വ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിന് സാധ്യമായ എല്ലാ നടപടികളും നഗരസഭകൾ സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു. ആയതിനു വേണ്ടി വലിയ കെട്ടിടങ്ങൾക്കും ഫ്ലാറ്റുകൾക്കും മറ്റും നിർമ്മാണ അനുമതി നൽകുന്നതിന് നഗരത്തിൽ നിർമ്മാണ സൈറ്റുകളിൽ നിന്ന് വെള്ളം കെട്ടി നിന്ന് കൊതുകുകൾ പെരുകുന്നത് ഒഴിവാക്കാൻ വേണ്ട മുൻകരുതലുകൾ എടുക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നഗരസഭാ സെക്രട്ടറിമാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും, മാലിന്യ സംസ്കരണത്തിന് മുൻഗണന നൽകുകയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യണമെന്നും, ഹോട്ടലുകളും മറ്റും ഡി ആന്റ് ഒ ലൈസൻസ് നൽകുകയും നിലവിലുള്ളവയ്ക്ക് ലൈസൻസ് പുതുക്കി നൽകുകയും ചെയ്യുന്ന അവസരത്തിൽ ടി സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ 2017 നെ അപേക്ഷിച്ച് തെക്കൻ ജില്ലകളിൽ പകർച്ചവ്യാധി വ്യാപനവും മരണങ്ങളും താരതമ്യേന കുറഞ്ഞിട്ടുണ്ടെന്നും എന്നാൽ വടക്കൻ ജില്ലകളിൽ ആയതിന്റെ തോത് വർദ്ധിച്ചിട്ടുണ്ടെന്നും സ്ഥിതിവിവരകണക്കുകളെ ആധാരമാക്കി റിപ്പോർട്ട് ചെയ്യുകയുണ്ടായി. തെക്കൻ ജില്ലകളിലെ നഗരസഭകൾ കാര്യക്ഷമമായ പ്രവർത്തനം നടത്തിയതു മൂലമാണ് ഇപ്രകാരം

സംഭവിച്ചിട്ടുള്ളതെന്നും അറിയിക്കുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് ഓഫീസർ ഡോ. ശശികുമാർ ആരോഗ്യജാഗ്രതാ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും 2017 ഒക്ടോബർ മുതൽ തന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ ഫലമായി മുൻവർഷങ്ങളെ അപേക്ഷിച്ച് പകർച്ചവ്യാധികൾ മൂലമുള്ള പ്രശ്നങ്ങൾ നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട് എന്നും ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ ആവശ്യമായ ജലലഭ്യതയും മറ്റ് സാനിട്ടേഷൻ സൗകര്യങ്ങളും ഒരുക്കി നൽകുന്നതും നഗരസഭകളുടെ ഉത്തരവാദിത്തമായി ഏറ്റെടുക്കണമെന്നും അഭ്യർത്ഥിച്ചു.

ആരോഗ്യ ജാഗ്രതാ പദ്ധതിയുമായി ബന്ധപ്പെട്ട ഹോട്ട്സ്പോട്ടുകളായി കണ്ടെത്തിയിരിക്കുന്ന സ്ഥലങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് എല്ലാവിധ സഹായസഹകരണങ്ങളും നഗരസഭകൾ ആരോഗ്യ വകുപ്പിന് നൽകണമെന്നും നഗരസഭകളുടെ ആരോഗ്യവിഭാഗം ജീവനക്കാരെ ഇതിനായി ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കൊപ്പം സഹകരിപ്പിച്ച് പ്രവർത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു. തിരുവനന്തപുരം നഗരസഭയിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ മൂലം പകർച്ചവ്യാധികളുടെ തോത് വളരെയധികം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിച്ചു.

**പ്രധാനമന്ത്രി ആവാസ് യോജന**

പ്രധാന മന്ത്രി ആവാസ് യോജനയുടെ പദ്ധതി പ്രവർത്തനങ്ങൾ അർബൻ ഹൗസിംഗ് മിഷനിൽ നിന്നുള്ള പ്രതിനിധി (ശ്രീമതി. ഭാവന എം) വിലയിരുത്തി. കഴിഞ്ഞ ഒരു മാസക്കാലം പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത പ്രവൃത്തികളും മികച്ച പ്രവർത്തനം കാഴ്ച വച്ചിട്ടുള്ള നഗരസഭകളുടെ പേരുവിവരവും അവതരിപ്പിച്ചു. തിരുവനന്തപുരം, കൊച്ചി ഒഴികെയുള്ള മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഡിമാന്റ് അംഗീകരിച്ചു. മൊത്ത ഡിമാന്റിന്റെ അടുത്തെത്തുവാൻ സാധിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. അംഗീകരിക്കപ്പെട്ട ആകെ വീടുകൾ 77417 എണ്ണമാണ്. വീടുകളുടെ പൂർത്തീകരണത്തിൽ കണ്ണൂരും, ആലപ്പുഴയും മുന്നിട്ടു നിൽക്കുന്നുവെന്നും ടി നഗരസഭകൾ യഥാക്രമം 39%, 32% എന്നിങ്ങനെ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. 10% ൽ താഴെ മാത്രം വീട്ടു നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള നഗരസഭകൾ ഹരിപ്പാട്, താനൂർ, പന്തളം, ചങ്ങനാശ്ശേരി, തിരൂർ, പയ്യോളി എന്നിവയാണ്. ചില നഗരസഭകൾ കഴിഞ്ഞ 30 ദിവസമായി ഒരു പുരോഗതിയും കൈവരിച്ചിട്ടില്ല. അവ ചുവടെ ചേർക്കുന്നു.

കൊണ്ടോട്ടി, ക്ലുത്തുപറമ്പ്, തൃശ്ശൂർ, മാവേലിക്കര, വർക്കല, തിരുവനന്തപുരം, ഒറ്റപ്പാലം, വളാഞ്ചേരി, തൃപ്പൂണിത്തുറ, തിരൂരങ്ങാടി.

കഴിഞ്ഞ 30 ദിവസമായി പരോഗതിയുള്ള നഗരസഭകൾ ചുവടെ ചേർക്കുന്നു.

മലപ്പുറം, നെടുമങ്ങാട്, കാഞ്ഞങ്ങാട്, കട്ടപ്പന, സൗത്ത് പരവൂർ, കൊച്ചി, കൊല്ലം, പാലക്കാട്, മട്ടന്നൂർ.

പദ്ധതി പ്രവർത്തനങ്ങൾ പിന്നാക്കം പോകുന്നതിനുള്ള കാരണങ്ങൾ വിശദീകരിച്ചു.

1. ഫണ്ടിന്റെ അപര്യാപ്തത
2. ഗുണഭോക്താക്കളുടെ കുറവ് (പരിഹരിക്കുന്നതിനായി പ്രത്യേക മീറ്റിംഗ് വിളിച്ചിട്ടുണ്ട്).
3. MIS ൽ എൻട്രി വരുത്താത്തത് CLCC വിഭാഗത്തിൽ ഏറ്റവും കൂടുതൽ പേരെ ചേർത്തത് ഒറ്റപ്പാലം നഗരസഭയാണെന്നും അറിയിച്ചു.

ജിയോടാഗിംഗ് കൂടുതൽ പൂർത്തീകരിച്ച നഗരസഭ മലപ്പുറമാണ്. തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ നിന്നും ഡി പി ആർ സമർപ്പിക്കാനുണ്ട്. കാസറഗോഡ് നഗരസഭയിൽ മോഡറേറ്ററെ നിയമിച്ചിട്ടില്ല. താനൂർ, കൊടുവള്ളി, കളമശ്ശേരി, കരുനാഗപ്പള്ളി, ആലപ്പുഴ നഗരസഭകൾ ജിയോടാഗിംഗിൽ പിന്നാക്കം പോയിട്ടുണ്ട്. ഡി പി ആർ സബ്മിഷനുള്ള അവസാന അവസരമാണ് ഇതെന്നും സൂചിപ്പിച്ചു.

**ദേശീയ നഗര ഉപജീവന മിഷൻ (എൻ യു എൽ എം)**

കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ദേശീയ നഗര ഉപജീവന മിഷന്റെ ഭാഗമായുള്ള സ്പർശം കാമ്പയിനെപ്പറ്റി കുടുംബശ്രീയിൽ നന്നുള്ള പ്രതിനിധി സംസാരിച്ചു. "അർഹതയുള്ള എല്ലാവരിലേക്കും" എന്നതാണ് സ്പർശം കാമ്പയിന്റെ മുദ്രാവാക്യം. കുടുംബശ്രീ മുഖേനയുള്ള പദ്ധതികൾ എല്ലാവരിലേക്കും എത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും പരമാവധി ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുമാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. സ്പർശം കാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. പുതിയ അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുക്കുക, സ്വയംതൊഴിൽ പദ്ധതിയിൽ അംഗമാകാനുള്ളവരെ കണ്ടെത്തുക, നഗരദരിദ്രരിൽ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടാത്തവരെ കൊണ്ടുവരിക, കുടുംബശ്രീയുടെ പദ്ധതിപ്രവർത്തനങ്ങൾ നഗരങ്ങളിൽ എത്തിച്ചേരുന്നുണ്ടോ എന്നന്വേഷിക്കൽ, സി ഡി എസ്, എ ഡി എസ് യോഗങ്ങൾ , പ്രത്യേക അയൽക്കൂട്ടങ്ങൾ കൂടുക തുടങ്ങിയവയാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഇനി ചെയ്തു തീർക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച സമയക്രമവും അവതരിപ്പിച്ചു. അതോടൊപ്പം എൻ യു എൽ എം – ൽ എസ് സി പി സ്വയംതൊഴിൽ സംരഭവുമായി ബന്ധപ്പെട്ട് 10 സ്പെഷ്യൽ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് പ്രത്യകം ശ്രദ്ധിക്കണമെന്ന്, നഗരസഭാ സെക്രട്ടറിമാരോട് നിർദ്ദേശിച്ചു. കൂടാതെ, തെരുവു കച്ചവടക്കാർക്ക് Identity Card കൊടുത്തിട്ടുള്ളതിൽ ബാക്കി കൊടുക്കുന്നതിനുള്ള ശ്രമമുണ്ടാകണമെന്നും അറിയിച്ചു. ഐ ഡി കാർഡ് ഒരു ലൈസൻസല്ല എന്നും സൂചിപ്പിച്ചു. എൻ യു എൽ എം ന്റെ കീഴിലുള്ള നൈറ്റ് ഷെൽറ്ററിനായി 17 ഡി പി ആർ കൾ കിട്ടിയിട്ടുണ്ടെന്നും വ്യത്യസ്ത നിരക്കിൽ പ്രോജക്റ്റ് കോസ്റ്റ് വന്നിട്ടുള്ളതിനാൽ തിരുത്തൽ ആവശ്യമാണെന്നും അറിയിച്ചു.

**ശുചിത്വ മിഷൻ – സ്വച്ഛ് ഭാരത് മിഷൻ (നഗരം)**

കൊച്ചി നഗരസഭ ഒഴികെയുള്ള എല്ലാ നഗരസഭകളും സ്വയം ഒ ഡി എഫ് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. Q C I റീ-അസസ്സ്മെന്റ് നടത്തിയതിൽ പുനലൂർ, ഇരിട്ടി എന്നീ നഗരസഭകൾ ഒഴികെയുള്ളതുമായ എല്ലാ നഗരസഭകളും സിറ്റി പ്രൊഫൈൽ ഇന്ത്യാ ഗവമെന്റിന് അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന്

അറിയിച്ചു. ആയത് നൽകാത്ത നഗരസഭാ സെക്രട്ടറിമാരുടെ പേര് സർക്കാറിന് റിപ്പോർട്ട് ചെയ്യുന്നതായിരിക്കുമെന്നും സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ.ക്ലമന്റ് അറിയിച്ചു.

ജർമൻ ഏജൻസിയായ GIZ ന്റെ സഹായത്തോടെ 13 നഗരസഭകൾ സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും 25 നഗരസഭാ സെക്രട്ടറിമാർക്ക്/നോഡൽ ഓഫീസർമാർക്ക് 27, 28 തീയതികളിൽ കിലയിൽ വച്ച് ടി വിഷയത്തിൽ പരിശീലനം നൽകുന്നുണ്ടെന്നും ആയതിൽ പങ്കെടുക്കണമെന്നും അറിയിച്ചു.

**ക്ലീൻ കേരള കമ്പനി**

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷിൻ സ്ഥാപിച്ചിട്ടും ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത നഗരസഭകൾ ആയതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു.

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് ഒപ്പ വയ്ക്കാത്ത നഗരസഭകൾ ആയതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അറിയിച്ചു.

ഉൽപ്പാദനം ആരംഭിച്ച പല നഗരസഭകളും റോഡ് ടാറിംഗിന് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ലെന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചു.

**അമൃത്**

തദ്ദേശ സ്വയംഭരണ വകുപ്പ സെക്രട്ടറി (അർബൻ) ഡോ. ബി അശോക് ഐ എ എസ് അദ്ധ്യക്ഷത വഹിച്ച അവലോകന യോഗത്തിൽ ഓരോ അമൃത് നഗരങ്ങളുടെയും പദ്ധതി പുരോഗതി വിലയിരുത്തുകയുണ്ടായി. അമൃത് പദ്ധതികളുടെ നിലവിലുള്ള മെല്ലെപ്പോക്ക് മാറ്റി പദ്ധതി കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കേണ്ട ആവശ്യം തദ്ദേശ സ്വയംഭരണ വകുപ്പ സെക്രട്ടറി സൂചിപ്പിക്കുകയുണ്ടായി.

ടീം ലീഡർ, ശ്രീ. ഷാജൻ എസ് ഓരോ നഗരങ്ങളുടെയും നിലവിലുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതിയും സംസ്ഥാന വാർഷിക പദ്ധതി 2015-16 സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ത സ്വ ഭ വ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൂടിയ VC യിൽ ഷെഡ്യൂൾ ചെയ്ത തീയതികളും അറിയിക്കുയുണ്ടായി.

**തീരുമാനങ്ങൾ**

1. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി മാർച്ച് ആദ്യവാരം അടുത്ത VC കൂടുവാൻ ത സ്വ ഭവ സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

2. ഡി പി ആർ കളുടെ തുക നൽകുന്ന അവസരത്തിൽ സമർപ്പിച്ച ഡി പി ആർ കളുടെ എസ്റ്റിമേറ്റ്, വില, സോഫ്റ്റ് വെയറിലൂടെ പൂർത്തീകരിച്ചതാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. സാങ്കേതികാനുമതി നൽകിയ പദ്ധതികൾക്ക് 20% mobilization advance തരുന്നതിനുള്ള അപേക്ഷാ ഫോമിൽ തരേണ്ടതാണ്.
4. കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പദ്ധതികൾ മെയ് അവസാനത്തോടെ വർക്ക് അവാർഡ് ചെയ്യുന്നതിനാൽ മറ്റ് സെക്ടറിലെ പദ്ധതികളുടെ Technical Sanction, Tendering, Work award മുതലായവ 31 ജൂലൈ 2018 ന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്.

**Action Plan for SAAP 2015-16**

**Proposed dates for TS and Work award**

| Sl No | CITY | Sector | Name of Project | Project Cost as per AS | AS Date | Comments/Proposed dates for TS, tendering and work award |
|---|---|---|---|---|---|---|
| 1 | Alappuzha | Parks and green spaces | Development of Park in Chathanad | 0.5 | 2.11.2017 | TS will be issued on 25/2/2018 Work will be awarded on 25/3/2018 |
| 2 | Alappuzha | Parks and green spaces | Development of Park in General Hospital Alappuzha | 0.076 | 2.11.2017 | |
| 3 | Alappuzha | Parks and green spaces | Development of Park in Valiya chudukad | 0.4 | 2.11.2017 | |
| 4 | Alappuzha | Parks and green spaces | Development of park in Vadakkal Beach | 0.2 | 1.1.2018 | |
| 5 | Guruvayur | Parks and green spaces | Development of parks and playground at Bhagath singh ground | 1 | 27.09.2017 | will be awarded on 25/3/18 |
| 6 | Guruvayur | Parks and green spaces | Development of parks and playground at Pookkode Samskarika Nilayam ground | 1.58 | 27.09.2017 | Under retendering. Work will be awarded on 10/3/2018 |
| 7 | Kannur | Parks and green spaces | Rejuvenation of SN Park | 1.100 | 23.12.2017 | TS will be issued on 20/2/2018. Work will be awarded on 15/3/2018 |
| 8 | Kozhikode | Parks and green spaces | Renovation of Mananchira park | 0.85 | 23.02.2017 | TS issued on 13/2/2018. Work will be awarded on 10/3/2018 |

| | | | | | | |
|---|---|---|---|---|---|---|
| 10 | Kollam | Parks and green spaces | Improvement of Parks-phase 1(TK Divakaran Park , Nehru Park and T.M Varghese Park) 2 works | 1.178 | 02.11.2017 | work will be awarded on 2/3/2018 |
| 13 | Thrissur | Parks and green spaces | Rejuvenation of Nehru Park, Division No.36,Thekkinkad u | 0.91 | 23.02.2017 | TS will be issued on 25/2/2018. Work will be awarded on 20/3/2018. |
| 16 | Palakkad | Parks and green spaces | Kasim colony park | 0.25 | 13.11.2017 | TS will be issued on 19/2/2018. work will be awarded on1/3/2018 |
| 17 | Palakkad | Parks and green spaces | Aiswarya Nagar Park | 0.25 | 13.11.2017 | TS will be issued on 19/2/2018. work will be awarded on1/3/2018 |
| 21 | Alappuzha | Urban Transport | construction of pedestrian friendly footpaths | 2.00 | 13.11.2017 | Tendered before 25/2/2018. Work will be awarded on 15/3/2018 |
| 22 | Alappuzha | Urban Transport | foot path and drainage from Thiruvampadi Temple West gate to NH | 0.35 | 1.1.2018 | |
| 24 | Guruvayur | Urban Transport | Construction of foot paths in 4 locations in Temple circle Areas | 8.17 | 27.09.2017 | TS issued. Work will be awarded along with the storm water drain project proposed in the SAAP year. To award to uralingal |
| 29 | Thrissur | Urban Transport | Renovation of foot path-phase-1 | 4.08 | 23.12.2017 | Estimate will be ready on 26/2/2018. TS onn 30/3/18. Work will be awarded on 30/4/2018. |
| 31 | Kochi | Urban Transport | Construction Of Foot Path -2.Foot path from Atlantis junction to Thevara Junction at MG Road, Subhash Chandra bose road & K.P. Vallon road | 5.45 | 27.09.2017 | Work has awarded on 2/2/2018. (3 projects-2.03Cr, 2.05Cr,1.37Cr). |

| | | | | | | |
|---|---|---|---|---|---|---|
| 32 | Palakkad | Urban Transport | Providing pedestrian network and bicycle tracks on both sides of college road (100 ft road) and Fort area | 9.84 | 27.09.2017 | Estimate to be submitted by the consultant. TS 20/3/18, Award 20/4/18 |
| 34 | Palakkad | Urban Transport | Mayins Girls high school to Mayins LP school foot over bridge | 0.52 | 27.09.2017 | TS will be issued on 19/2/2018. |
| 36 | Palakkad | Urban Transport | Mission High School to Municipal Junction elevated footpath | 0.52 | 27.09.2017 | TS will be issued on 19/2/2018. |
| 38 | Alappuzha | Storm Water Drainage | Storm Water Drainage net works at various locations | 6.28 | 23.12.2017 | Work will be awarded 15/3/2018 |
| 39 | Guruvayur | Storm Water Drainage | SAAP 2015-16, 2016-17, 2017-18 Package I - Covering and repair of minor drains in 16 different locations of the municipal area- Phase I | 13.07 | 27.09.2017 | TS will be issued on 15/3/2018. Work will be awarded on 25/4/2018 ( 3 projects- 5.40Cr, 7.23Cr, 0.44Cr) |
| 40 | Kannur | Storm Water Drainage | Construction/rejuvenation of drains. | 11.13 | 14.12.2017 | TS issue will be on 31/3/18, work award will be on 30/4/18 |
| 41 | Kozhikode | Storm Water Drainage | Construction of drain at Gurukkal Road - PM kutty road -Chakkittida –EK canal | 5.57 | 02.11.2017 | TS will be issued from CE office on 15/3/2018. Work will be awarded on 15/4/1018 |
| 54 | Kochi | Storm Water Drainage | Rejuvenation Thevara-Perandur canal & Stadium link Road Drain | 22.18 | 27.09.2017 | Bifurcated to 2 sub projects 16 Cr award 16/3/18. 4 cr TS 20/3/18 award 20/4/18 |
| 55 | Palakkad | Storm Water Drainage | Kalvakulam thodu rejuvanation | 1.54 | 02.11.2017 | TS 25/2/18 Award 20/3/18 |

| | | | | | | |
|---|---|---|---|---|---|---|
| 56 | Palakkad | Storm Water Drainage | Widening of Manappillikkavu Thirunellayi stream and construction of bridge | 2.00 | 02.11.2017 | TS 25/2/18 Award 20/3/18 |
| 57 | Palakkad | Storm Water Drainage | Rejuvenation of drains around Sakunthala junction and construction of tertiary drains | 2.00 | 02.11.2017 | TS 25/2/18 Award 20/3/2018 |
| 58 | Palakkad | Storm Water Drainage | Rejuvenation of drains at housing board colony, Mattumantha, Shekaripuram junction and construction of tertiary drains. | 3.00 | 02.11.2017 | TS 31/3/18 Award 30/4/2018 |

അവലോകന യോഗം വൈകുന്നേരം 7.15 ന് അവസാനിച്ചു.

(ഒപ്പ്)
ഹരിത വി കുമാർ ഐ എ എസ്
നഗരകാര്യ ഡയറക്ടർ

തിരുവനന്തപുരം
9/03/2018

അനുബന്ധം -1

**ഹാജർ**

1. ഡോ ബി അശോക് ഐ എ എസ് ഗവൺമെന്റ് സെക്രട്ടറി (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
2. ഡോ. അദീല അബ്ദുള്ള ഐ എ എസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
3. ശ്രീമതി ഹരിത വി കുമാർ ഐ എ എസ്, ഡയറക്ടർ നഗരകാര്യ വകുപ്പ്
4. ഡോ. സരിത ആർ എൽ, ഡയറക്ടർ, ആരോഗ്യ വകുപ്പ്
5. ഡോ. അജയകുമാർ വർമ്മ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
6. ശ്രീ. ഷാജി ക്ലമന്റ് , പ്രോഗ്രാം ഓഫീസർ, ശുചിത്വ മിഷൻ
7. ശ്രീ. കബീർ ബി ഹറൂൺ, മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
8. ഡോ. ശശികുമാർ, ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം നഗരസഭ
9. ശ്രീമതി. ഭാവന എം, പ്രോഗ്രാം മാനേജർ, കപ്പാസിറ്റി ബിൽഡിംഗ് & PMAY കുടുംബശ്രീ.
10. ശ്രീമതി. രോഷ്നി പിള്ള, മാനേജർ, പി എം എ വൈ, കുടുംബശ്രീ
11. ശ്രീ ബി കെ ബാലരാജ്, ജോയിന്റ് ഡയറക്ടർ (ഭരണം) നഗരകാര്യ വകുപ്പ്
12. ശ്രീമതി ഉമ്മു സെൽമ സി (ചുങ്കത്ത്), ജോയിന്റ് ഡയറക്ടർ (ഹെൽത്ത്) നഗരകാര്യ വകുപ്പ്.
13. ശ്രീ. എസ് ജയകൃഷ്ണൻ, പ്രോവിഡന്റ് ഫണ്ട് ഓഫീസർ, നഗരകാര്യ വകുപ്പ്
14. ശ്രീമതി. അനിത എസ്, ജൂനിയർ സൂപ്രണ്ട്, കൊല്ലം (കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസ് )
15. ശ്രീ റാം മോഹൻ റോയ് , സീനിയർ സൂപ്രണ്ട് (മേഖലാ ജോയിന്റ് ഡയറക്ടർ ഇൻ-ചാർജ്ജ്) കൊച്ചി.
16. ശ്രീ പവിത്രൻ കെ, സീനിയർ സൂപ്രണ്ട്, മേഖലാ ജോയിന്റ് ഡയറക്ടറാഫീസ് , കോഴിക്കോട്.

അനുബന്ധം -2

## നഗരസഭാ സെക്രട്ടറിമാരുടെ ഹാജർ

1. ശ്രീ പി എസ് അജിത് പ്രസാദ്, പി എ ടു സെക്രട്ടറി, തൃശ്ശൂർ
2. ശ്രീമതി ദീപ എൽ എസ്, കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം
3. ശ്രീ ഡി സജു, അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി, കണ്ണൂർ
4. ശ്രീ വിനയൻ കെ പി, അഡീഷണൽ സെക്രട്ടറി, കോഴിക്കോട്
5. ശ്രീമതി. അനു ആർ എസ്, കൊല്ലം കോർപ്പറേഷൻ
6. ശ്രീ സജി എസ് എസ്, സെക്രട്ടറി, നെയ്യാറ്റിൻകര
7. ശ്രീമതി ബീന എസ് കുമാർ, നെടുമങ്ങാട്
8. ശ്രീ പ്രദീപ്കുമാർ ആർ, സെക്രട്ടറി, ആറ്റിങ്ങൽ
9. ശ്രീ സുബോധ് എസ്, സെക്രട്ടറി, വർക്കല
10. ശ്രീ ശ്രീകാന്ത് എ എസ്, സെക്രട്ടറി, പരവൂർ
11. ശ്രീ എ എസ് നൈസാം, സെക്രട്ടറി, പുനലൂർ
12. ശ്രീ സനൽകുമാർ ഡി വി, സെക്രട്ടറി, കൊട്ടാരക്കര
13. ശ്രീമതി ഷെർലാ ബീഗം എസ്, സെക്രട്ടറി, കരുനാഗപ്പള്ളി
14. ശ്രീമതി എ എം മുംതാസ്, സെക്രട്ടറി, പത്തനംതിട്ട
15. ശ്രീ അനിൽകുമാർ ആർ ഒ ഗ്രേഡ്-2, തിരുവല്ല
16. ശ്രീ ദീപേഷ് ആർ കെ, സെക്രട്ടറി, അടൂർ
17. ശ്രീ സനിൽ എസ്, സെക്രട്ടറി പന്തളം
18. ശ്രീ ജഹാംഗീർ, സെക്രട്ടറി, ആലപ്പുഴ
19. ശ്രീ ഡി ജയകുമാർ, സെക്രട്ടറി, ചേർത്തല
20. ശ്രീ സജി എൽ എസ്, സെക്രട്ടറി, കായംകുളം
21. ശ്രീ ബിജു എസ് , സെക്രട്ടറി മാവേലിക്കര
22. ശ്രീ ജെ മുഹമ്മദ് ഷാഫി, സെക്രട്ടറി, ചെങ്ങന്നൂർ
23. ശ്രീ. ആർ സി രാജേഷ് കുമാർ, സെക്രട്ടറി (ഇൻ-ചാർജ്ജ്)
24. ശ്രീ സജീവ് , സെക്രട്ടറി, കോട്ടയം
25. ശ്രീ ഡി അജയകുമാർ, ഹെൽത്ത് സൂപ്പർവൈസർ, പാല
26. ശ്രീമതി. എൻ കെ, സെക്രട്ടറി, ഏറ്റുമാനൂർ
27. ശ്രീമതി കവിത എസ് കുമാർ, സെക്രട്ടറി , ഈരാറ്റുപേട്ട
28. ശ്രീ വെങ്കട്ടേശ്വരൻ സി ആർ, പി എ ടു സെക്രട്ടറി, ചങ്ങനാശ്ശേരി

29. ശ്രീ എൻ എ ജയകുമാർ, സൂപ്രണ്ട് (സെക്രട്ടറി ഇൻ–ചാർജ്ജ്), തൊട്ടുപുഴ
30. ശ്രീ. കെ കെ കൃഷ്ണ കുമാർ, സൂപ്രണ്ട് (സെക്രട്ടറി ഇൻ–ചാർജ്ജ്), കട്ടപ്പന
31. ശ്രീമതി. രമണി പി, സൂപ്രണ്ട്, കോതമംഗലം
32. ശ്രീ അരുൺ രംഗൻ, സെക്രട്ടറി, ആലുവ
33. ശ്രീ എസ് നാരായണൻ, സെക്രട്ടറി, അങ്കമാലി
34. ശ്രീ ബിജുമോൻ ജേക്കബ്, സെക്രട്ടറി, ഏലൂർ
35. ശ്രീ ഷിബു ബി പി, സെക്രട്ടറി, മൂവാറ്റുപുഴ
36. ശ്രീ യു എസ് സതീശൻ, സെക്രട്ടറി, പെരുമ്പാവൂർ
37. ശ്രീമതി നീതുലാൽ ബി, സെക്രട്ടറി, നോർത്ത് പറവൂർ
38. ശ്രീ പി.എസ്.ഷിബു, സെക്രട്ടറി, തൃക്കാക്കര
39. ശ്രീ ബി അനിൽ കുമാർ, സെക്രട്ടറി, മരട്
40. ശ്രീ. എ ശ്രീകുമാർ, സെക്രട്ടരി ഇൻ–ചാർജ്ജ്, കളമശ്ശേരി
41. ശ്രീമതി രാജശ്രീ പി നായർ, സെക്രട്ടറി, കൂത്താട്ടുകുളം
42. ശ്രീ അഭിലാഷ് കുമാർ എച്ച്, സെക്രട്ടറി, തൃപ്പൂണിത്തുറ
43. ശ്രീ. ടോബി തോമസ്, സെക്രട്ടറി, ചാലക്കുടി
44. ശ്രീമതി.സിനി റ്റി.എൻ, സെക്രട്ടറി, ചാവക്കാട്
45. ശ്രീ എൻ സി വിജയൻ, സൂപ്രണ്ട്, കൊടുങ്ങല്ലൂർ
46. ശ്രീ അൻവർ ഹുസൈൻ കെ എസ്, സൂപ്രണ്ട്, ഇരിങ്ങാലക്കുട
47. ശ്രീമതി. ജെ ആർ രാജ്, മുനിസിപ്പൽ എഞ്ചിനീയർ, ഗുരുവായൂർ
48. ശ്രീമതി രമ്യാ കൃഷ്ണൻ, സെക്രട്ടറി, വടക്കാഞ്ചേരി
49. ശ്രീ . കെ കെ മനോജ്, മുനിസിപ്പൽ സെക്രട്ടറി, കുന്നംകുളം
50. ശ്രീമതി. സുന്ദരി എസ്, സെക്രട്ടറഇ ഇൻ–ചാർജ്ജ്, ചിറ്റൂർ–തത്തമംഗലം
51. ശ്രീമതി സീന എച്ച്, സെക്രട്ടറി, പട്ടാമ്പി
52. ശ്രീ പ്രദീഷ് ജോയ്, സൂപ്രണ്ട്, മണ്ണാർക്കാട്
53. ശ്രീ ഭരതൻ, ഹെൽത്ത് ഇൻസ്പെക്ടർ, ചെർപ്പുളശ്ശേരി
54. ശ്രീ എം സുഗതകുമാർ, സെക്രട്ടറി, ഒറ്റപ്പാലം
55. ശ്രീ ഇ ഡി ബെന്നി, സൂപ്രണ്ട്, ഷൊർണ്ണൂർ
56. ശ്രീ രഘുരാമൻ, സെക്രട്ടറി, പാലക്കാട്
57. ശ്രീ. എം കെ ഗിരീഷ്, സെക്രട്ടറി, ആന്തൂർ
58. ശ്രീ. അഭിലാഷ് ഡാനിയേൽ, ഹെൽത്ത് ഇൻസ്പെക്ടർ, ഫറോക്ക്
59. ശ്രീ അൻസാൽ ഐസക്, സെക്രട്ടറി, ഇരിട്ടി

60. ശ്രീ കെ ജി രവീന്ദ്രൻ, സെക്രട്ടറി, കൽപ്പറ്റ
61. ശ്രീ കെ മനോഹർ, സെക്രട്ടറി, കാഞ്ഞങ്ങാട്
62. ശ്രീ സജികുമാർ വി, സെക്രട്ടറി, കാസറഗോഡ്
63. ശ്രീ ഫിറോസ് ഖാൻ എ, സെക്രട്ടറി, കൊണ്ടോട്ടി
64. ശ്രീ കെ കെ സജിത് കുമാർ, സെക്രട്ടറി, കുത്തുപറമ്പ്
65. ശ്രീ എ നൗഷാദ്, സെക്രട്ടറി, കോട്ടക്കൽ
66. ശ്രീമതി ഐറീൻ ഷെറിൽ സോളമൻ, സെക്രട്ടറി, കൊയിലാണ്ടി
67. ശ്രീ. ടി കെ സുജിത്, സെക്രട്ടറി , വളാഞ്ചേരി
68. ശ്രീ കൃഷ്ണ കുമാർ എൻ കെ,സെക്രട്ടറി, മലപ്പുറം
69. ശ്രീ. കൃഷ്ണമൂർത്തി, സൂപ്രണ്ട്, തിരൂരങ്ങാടി
70. ശ്രീ പി ജി മുരളീധരൻ, സെക്രട്ടറി ഇൻ-ചാർജ്ജ്, മാനന്തവാടി
71. ശ്രീ ശ്രീമകുമാർ ജി, സൂപ്രണ്ട്, മഞ്ചേരി
72. ശ്രീ. സുരേഷൻ എം, സെക്രട്ടറി, മട്ടന്നൂർ
73. ശ്രീ മധുസൂദനൻ കെ, ഹെൽത്ത് ഇൻസ്പെക്ടർ, മുക്കം
74. ശ്രീ  ആകാശ് എം എസ്, സെക്രട്ടറി,  നിലമ്പൂർ
75. ശ്രീ വിൻസെന്റ് കെ, സൂപ്രണ്ട്, സെക്രട്ടറി (ഇൻ-ചാർജ്ജ്) നീലേശ്വരം
76. ശ്രീ  ഷെറി ജി , സെക്രട്ടറി, പയ്യന്നൂർ
77. ശ്രീമതി. സുരേഷ് കുമാർ എം, റവന്യൂ ഇൻസ്പെക്ടർ, പയ്യോളി
78. ശ്രീ പ്രമോദ് കെ, സെക്രട്ടറി, പെരിന്തൽമണ്ണ
79. ശ്രീ അരുൺ കുമാർ വി എൽ, സൂപ്രണ്ട് , പൊന്നാനി
80. ശ്രീ സുരേഷ് കുമാർ എൻ, സെക്രട്ടറി, രാമനാട്ടുകര
81. ശ്രീ സജി എടക്കര, സൂപ്രണ്ട് ഇൻ-ചാർജ്ജ്, ശ്രീകണ്ഠാപുരം
82. ശ്രീ പ്രവീൺ എ, സെക്രട്ടറി, സുൽത്താൻ ബത്തേരി
83. ശ്രീ. ചന്ദ്രഭാനു, പി എ ടു  സെക്രട്ടറി, തലശ്ശേരി
84. ശ്രീ അഭിലാഷ് കെ സെക്രട്ടറി, തളിപ്പറമ്പ്
85. ശ്രീ ജൂഹി മരിയ ടോം, സെക്രട്ടറി, താനൂർ
86. ശ്രീ ബിനു സി കുഞ്ഞപ്പൻ, സെക്രട്ടറി, തിരൂർ
87. ശ്രീ ബിനി എൽ യു, സെക്രട്ടറി,  വടകര
88. ശ്രീ. എ എം അനിൽകുമാർ, സൂപ്രണ്ട്, കൊടുവള്ളി
89. ശ്രീമതി. സ്മിത കുര്യൻ,സൂപ്രണ്ട്, പാനൂർ